എം.സി.എ. നാസിർ

# ബൈത്തുൽഖുർആൻ
## വിശുദ്ധഗ്രന്ഥത്തിന്റെ വിസ്മയലോകം

ഓരോ നാടിന്റെയും ഗതകാലസ്മൃതികൾ സജീവമാക്കി നിർത്താൻ എല്ലാ രാജ്യങ്ങളിലുമുണ്ട് എമ്പാടും കേന്ദ്രങ്ങൾ. എന്നാൽ, ബഹ്റൈനിലെ 'ബൈത്തുൽഖുർആൻ' ഇതിൽനിന്നെല്ലാം ഭിന്നമാണ്. ദൈവിക ഗ്രന്ഥമായ ഖുർആന്റെ സവിശേഷതയും പൊരുളും തലമുറകൾക്ക് പകർന്നേകുകയെന്ന ചരിത്രദൗത്യം ഇത്രയും ചിട്ടയോടെ നിറവേറ്റുന്ന അധികം കേന്ദ്രങ്ങളൊന്നും ലോകത്ത് ഉണ്ടാവില്ലെന്നുറപ്പാണ്.

ഖുർആന്റെ ആദ്യകാല ഏടുകൾ മുതൽ ഏറ്റവും നവീനമായ ഖുർആൻ അച്ചടിരൂപങ്ങൾവരെ സമാഹരിച്ചിരിക്കുന്ന 'അൽഹയാത്ത്' മ്യൂസിയമാണ് ഈ കേന്ദ്രത്തിലെ ഏറ്റവും ആകർഷകമായ ഘടകം. 'ഖുർആന്റെ ഭവനം' എന്നാണ് 'ബൈത്തുൽഖുർആൻ' എന്നതിന്റെ ഭാഷാർഥം. അന്തർദേശീയനിലവാരത്തിലാണ് കേന്ദ്രം സംവിധാനിച്ചിരിക്കുന്നത്. ദൈനംദിനകാര്യങ്ങളിൽവരെ പ്രഫഷണലിസം നിലനിർത്തുന്നുണ്ട്. മുസ്ലിംകളേക്കാളുപരി ഈ കേന്ദ്രത്തിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്നത് ഭിന്നദേശങ്ങളിൽനിന്നെത്തുന്ന മറ്റു മതസ്ഥരാണെന്നതും ഒരു യാഥാർഥ്യമാണ്. സന്ദർശകരുടെ കണക്കുകളും ഇത് വ്യക്തമാക്കുന്നു.

സാധാരണക്കാർ കൂടി ഭാഗഭാക്കായ പൊതുസമ്പത്തിലൂടെ പടുത്തുയർത്തിയ കേന്ദ്രമെന്ന പ്രത്യേകത കൂടിയുണ്ട് ബൈത്തുൽ ഖുർആന്. ബഹ്റൈനിലെ ഡോ. അബ്ദുല്ലത്വീഫ് കാനൂ ഇതിന് നേതൃത്വം കൊടുത്തു എന്നു മാത്രം.

വിശുദ്ധഖുർആന്റെ വിസ്മയം മാത്രമല്ല, ഇസ്ലാമികസംസ്കൃതിയുടെ സമ്പന്നമായ ഒരു ഭൂതകാലവും മ്യൂസിയത്തിൽ കണ്ണോടിക്കുന്ന ആർക്കും അനുഭവവേദ്യമാവും. അപൂർവ ഖുർആൻപതിപ്പുകളുടെയും മറ്റും വൈവിധ്യം നിറഞ്ഞ സമഗ്രശേഖരത്തിന് പകരംവയ്ക്കാൻ മറ്റൊന്നുണ്ടാകുമെന്ന് തോന്നുന്നില്ല.

ബൈത്തുൽഖുർആനിലെ 'അൽഹയാത്ത്' മ്യൂസിയത്തിലൂടെ നടന്നുനീങ്ങുന്ന ഒരാൾ വിശുദ്ധഖുർആൻ ആലേഖനം ചെയ്ത രൂപമാതൃകകളുടെ വൈപുല്യം മാത്രമല്ല അനുഭവിച്ചറിയുക. എല്ലാ ജീവൽഭാഷകളിലും ഖുർആൻ ചെലുത്തിയ സ്വാധീനം കൂടി മനസ്സിലാക്കാൻ കഴിയും. വിവിധ കാലഘട്ടങ്ങളിലും വിവിധ രീതിയിലുമുള്ള ഖുർആൻപ്രതികളുടെ ധാരാളിത്തം. മൃഗങ്ങളുടെ തോലിലും കല്ല്, മരം എന്നിവയ്ക്കു മേലും കുറിച്ചിട്ട ആദിമ ഖുർആൻലിഖിതങ്ങളുടെ രൂപമാതൃകകളും ധാരാളം. ഖുർആനിക കാലിഗ്രഫിയുടെ നിരവധി മാതൃകകൾകൊണ്ടും സമ്പന്നമാണ് ഈ മ്യൂസിയം.



മ്യൂസിയത്തിന്റെ ഘടനയ്ക്കുമുണ്ട് വേറിട്ടൊരു തനിമ. രണ്ട് നിലകളിൽ പത്ത് ഹാളുകളിലായാണ് മ്യൂസിയം സംവിധാനിച്ചിരിക്കുന്നത്. ഫൈബർ ഒബ്റ്റിക് ലൈറ്റിംഗ് സാങ്കേതികതയാണ് മ്യൂസിയത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഇവിടെ വിളക്കുകളുടെ പ്രകാശം പോലും എടുത്തുപറയേണ്ടിയിരിക്കുന്നു.

ഇറാഖ്, യമൻ, തുർക്കി തുടങ്ങിയ രാജ്യങ്ങളിൽനിന്ന് കണ്ടെടുക്കപ്പെട്ട ആദ്യകാല കൂഫിക്ലിപിയിലും മറ്റുമുള്ള അപൂർവ ഖുർആൻലിഖിതങ്ങളാണ് മ്യൂസിയത്തിലെത്തുന്ന സന്ദർശകരെ ആദ്യം വരവേൽക്കുക. ഇറാഖിൽനിന്ന് ലഭിച്ച, മരത്തൊലിയിൽ കറുത്ത മഷിയിൽ രൂപപ്പെടുത്തിയ അപൂർവ പ്രതിയും ഇവിടെ കാണാം. പന്ത്രണ്ട് വാക്യങ്ങൾ അടങ്ങുന്നതാണ് ഒരു പേജ്. ഇത്തരം 280 പേജുകളാണുള്ളത്. എ.ഡി. ഒമ്പതാം നൂറ്റാണ്ടിലുള്ളതാണിത്. അക്കാലത്തെ ഏറ്റവും മികച്ച കലാഭംഗി കൂടി ഇവിടെ പ്രകടമാണ്. വിവിധ കാലങ്ങളിലായി ഇന്ത്യയുടെ പല ഭാഗങ്ങളിൽനിന്ന് ലഭിച്ച അപൂർവ ഖുർആൻപ്രതി

കളും മ്യൂസിയത്തെ സമ്പന്നമാക്കുന്നു. കശ്മീരിൽനിന്നുള്ള ഖുർആൻപ്രതികളുടെ കലാഭംഗി എടുത്തുപറയേണ്ടതുണ്ട്. അനേകം ഭാഷകളിലുള്ള ഖുർആൻവിവർത്തനങ്ങളുടെ അപൂർവശേഖരത്തിലാണ് മ്യൂസിയം യാത്ര അവസാനിക്കുന്നത്.

ഇസ്‌ലാമിക കാലിഗ്രഫിയുടെ മനോഹാരിതയും ഹൃദ്യമാണിവിടെ. ഇന്ത്യൻ, അഫ്ഗാൻ, ഇറാൻ കാലിഗ്രഫി മാതൃകയിൽ രൂപപ്പെടുത്തിയ ഖുർആൻവാക്യങ്ങളുടെ വലിയൊരു ശേഖരവും ഇവിടെ കാണാം.

ഖുർആൻപഠനത്തിനും ഗവേഷണത്തിനും എല്ലാ സൗകര്യങ്ങളും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ഖുർആൻ സംബന്ധിച്ചും ഇസ്‌ലമികസംസ്‌കാരങ്ങൾ സംബന്ധിച്ചും പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് അൽഫുർഖാൻ ലൈബ്രറി നല്ലൊരു കൂട്ടാണ്. സമഗ്രമായ റഫറൻസിനു കൂടി സൗകര്യമുണ്ടിവിടെ. അറബി, ഇംഗ്ലീഷ്, ഫ്രഞ്ച്ഭാഷകളിലായി ഖുർആനും അനുബന്ധ വിഷയങ്ങളുമായും ബന്ധപ്പെട്ട അരലക്ഷത്തിലേറെ ഗ്രന്ഥങ്ങൾ ഇവിടെ ലഭ്യമാണ്. എല്ലാ ഭാഷകളിലെയും പരമാവധി വിവർത്തനങ്ങളും ഇവിടെ കാണാം. ലോകത്തെ മികച്ച സർവകലാശാലകളുമായി നിരന്തരം ബന്ധപ്പെടുകയും ഖുർആൻ സംബന്ധിച്ച പുതിയ വിവരങ്ങൾ കൈമാറുകയും ചെയ്യാനുള്ള സംവിധാനം ബൈത്തുൽ ഖുർആനെ കൂടുതൽ സജീവമാക്കിമാറ്റുന്നു. സുഊദിയിലെ ശൈഖ് അഹ്മദ് സാകി യമാനിയാണ് ലൈബ്രറിയുടെ നിർമിതിക്ക് മുന്നിൽനിന്നത്. ലൈബ്രറിയുടെ സേവനം ഉപയോഗപ്പെടുത്താൻ ആർക്കും അനുവാദമുണ്ട്.

ബൈത്തുൽഖുർആനിലെ ഖുർആൻപഠനകേന്ദ്രവും സജീവമാണ്. ഖുർആൻപഠനത്തിനുള്ള 'യൂസുഫുബ്നു അഹ്മദ് കാനൂ സ്കൂളി'ൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഖുർആൻപഠനത്തിനും പാരായണത്തിനും പണ്ഡിതന്മാർ നേതൃത്വം നൽകുന്നു. സ്വകാര്യ ഗ്രൂപ്പുകൾക്കും ഖുർആൻ പഠനത്തിന് ഇവിടെ അനുമതി നൽകാറുണ്ട്.

'മുഹമ്മദുബ്നു ഖലീഫാ അൽ ഖലീഫ ലക്ചർ ഹാളി'ൽ ഖുർആനുമായും ഇസ്‌ലാമികവിഷയങ്ങളുമായും ബന്ധപ്പെട്ട് പ്രമുഖരുടെ ക്ലാസ്സുകളും പതിവായി നടന്നുവരുന്നു. ബൈത്തുൽഖുർആന്റെ പ്രധാന കവാടത്തോട് ചേർന്നുള്ള 'മസ്ജിദ് അബ്ദുർറഹ്മാൻ ജാസിം കാനൂ'ക്കുമുണ്ട് പ്രത്യേകത. ഇസ്‌ലാമികവാസ്തുശിൽപത്തിന്റെ സർവരൂപഭംഗിയും ഇവിടെ സമ്മേളിച്ചിരിക്കുന്നു.